LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തെ പച്ചക്കറി ഉല്പാദനം

37 (1022) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2011-12, 2016-17, 2020-21 എന്നീ വർഷങ്ങളിലെ സംസ്ഥാനത്തെ പച്ചക്കറി ഉല്പാദനം എത്ര മെട്രിക് ടൺ വീതം ആയിരുന്നുവെന്ന് വർഷം തിരിച്ച് വ്യക്തമാക്കാമോ?

2011-12 വർഷത്തിൽ സംസ്ഥാനത്തെ പച്ചക്കറി ഉല്പാദനം 5.87 ലക്ഷം മെട്രിക് ടണ്ണും 2016-17 വർഷത്തിൽ സംസ്ഥാനത്തെ പച്ചക്കറി ഉൽപ്പാദനം 7.25 ലക്ഷം മെട്രിക് ടണ്ണും, 2020-21 വർഷത്തിൽ 15.7 ലക്ഷം മെട്രിക് ടണ്ണും ആയിരുന്നു.

നിരോധിച്ച കീടനാശിനികളുടെ വിപണനവും ഉപയോഗവും

38 (1023) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിരോധിച്ച കീടനാശിനികളുടെ വിപണനവും ഉപയോഗവും തടയുന്നതിന് സർക്കാർ ഫലപ്രദമായി ഇടപെടുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

നിരോധിച്ച കീടനാശിനികളുടെ വിപണനവും ഉപയോഗവും തടയുന്നതിന് സർക്കാർ ഫലപ്രദമായി ഇടപെട്ട് ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഇൻസെക്ടിസൈഡ് ഇൻസ്പെക്ടർമാരായ എല്ലാ കൃഷി ഓഫീസർമാർക്കും നൽകിയിട്ടുണ്ട്. കൃഷി ഓഫീസർമാർ തങ്ങളുടെ പരിധിയിലുള്ള എല്ലാ കീടനാശിനി ഡിപ്പോകളും ഓരോ മാസത്തിലും ക്രമമായി സന്ദർശിച്ച് നിരോധിത ഉത്പന്നങ്ങൾ വിൽക്കുന്നില്ല എന്ന് ഉറപ്പുവരുത്തുന്നുണ്ട്. നിരോധിത കീടനാശിനികൾ വില്പന നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടാൽ ടി ഡിപ്പോകൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്. നിരോധിത കീടനാശിനികൾ കൈവശം വയ്ക്കുന്ന സ്റ്റോക്ക് പിടിച്ചെടുക്കുകയും ഡിപ്പോ പൂട്ടി മുദ്രവയ്ക്കുകയും, ഇൻസെക്ടിസൈഡ് ആക്ട് പ്രകാരമുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. നിരോധിത കീടനാശിനികൾ സംബന്ധിച്ച് വ്യാപകമായ ബോധവത്കരണം യഥാസമയം കർഷകർക്ക് നൽകിവരുന്നു. വ്യാജ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ കൃഷിഭവനിലും പോലീസ് സ്റ്റേഷനിലും വിവരം അറിയിക്കുന്നതിന് കർഷകർക്ക്

LIBRARY ARCHIVES Kerala Legislative Assembly

ബോധവൽക്കരണം നടത്തിയിട്ടുണ്ട്. ജില്ലാ തലത്തിൽ അസിസ്റ്റന്റ് ഡയറക്ടർ (QC) മാരും ഡിപ്പോകൾ തുടർച്ചയായി സന്ദർശിച്ച് ഇക്കാര്യം ഉറപ്പുവരുത്തുന്നുണ്ട്. എൻഡോസൾഫാൻ കീടനാശിനികളുടെ അനധികൃത കടത്ത്, സംഭരണം, ഉപയോഗം എന്നിവ തടയുന്നതിന് ജില്ലാതലത്തിൽ 23-5-2011-ൽ രൂപീകരിച്ചിട്ടുള്ള മൾട്ടി ഡിസിപ്ലിനറി സ്ക്വാഡിന്റെ പ്രവർത്തനം മറ്റ് നിരോധിത കീടനാശിനികളുടെ നിയന്ത്രണത്തിനുകൂടി ബാധകമാക്കിക്കൊണ്ട് GO (Ms) 61/2021/Agri, 28-6-2021 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. നിരോധിത കീടനാശിനികൾ അതിർത്തി ചെക്ക് പോസ്റ്റുകളിലൂടെ സംസ്ഥാനത്തിലേക്ക് കടത്തിക്കൊക്കൊണ്ടുവരുന്നത് തടയുന്നതിനായി പോലീസ് വകുപ്പ്, മോട്ടോർ വാഹന വകുപ്പ് എന്നിവർക്ക് കൂടി നിരോധിച്ച കീടനാശിനികളുടെ പട്ടിക കൈമാറുകയും ഫലപ്രദമായ എൻഫോഴ്സ്മെന്റ് നടപടികൾ ഏകോപിപ്പിക്കാൻ ടി വകുപ്പുകളുടെ ജില്ലാതല മേധാവികളുമായി സഹകരിച്ച് നടപടികൾ സ്വീകരിക്കാനായി പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്ക് നിർദ്ദേശവും നൽകിയിട്ടുണ്ട്.

നെല്ലുൽപ്പാദനരംഗത്തെ വർദ്ധനവ്

39 (1024) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നെല്ലുൽപ്പാദനം കഴിഞ്ഞ വർഷങ്ങളിൽ വർദ്ധനവ് കൈവരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

നെല്ലിന്റെ ഉത്പാദനത്തിൽ വർദ്ധനവ് കൈവരിക്കുന്നതിനും ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനുമുള്ള ഇടപെടലുകൾ നടത്തിയതിന്റെ ഫലമായി 2017-18 വർഷത്തിൽ 5,21,310 ടൺ നെല്ല് ഉത്പാദിപ്പിച്ചിരുന്നത് 2019-20 വർഷത്തിൽ 6,05,541 ടൺ ആയി ഉയർത്താൻ സാധിച്ചിട്ടുണ്ട്.

(ബി) കഴിഞ്ഞ പത്ത് വർഷങ്ങളിലെ നെല്ലുൽപ്പാദനത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പ് പ്രസിദ്ധീകരിച്ചിട്ടുള്ള കണക്കുകൾ പ്രകാരം സംസ്ഥാനത്തെ കഴിഞ്ഞ പത്ത് വർഷത്തെ നെല്ലിന്റെ ഉത്പാദനം സംബന്ധിച്ച വിവരങ്ങൾ അനുബന്ധം ആയി ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.